www.muthalakodamstgeorgechurch.com

# മുതലക്കോടത്ത് മുത്തപ്പൻ

## ഇടവക ബുള്ളറ്റിൻ

വാല്യം 24 ലക്കം 07 ജൂലൈ 2014



വിശുദ്ധ അൽഫോൻസാമ്മേ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...



# PMJ furniture
Muthalakodam





സർക്കാർ ഡിപ്പോകളിൽ നിന്നും ലേലം കൊള്ളുന്ന
ഈടുറ്റ തേക്ക്, ഈട്ടി മുതലായ തടികളിൽ
ശിൽപ്പചാരുതയോടെ പണിതീർത്തിരിക്കുന്ന
എല്ലാവിധ ഫർണീച്ചറുകളും ഇവിടെ നിന്നും തിരഞ്ഞെടുക്കാം.



**P.M. John**
Plackal Puthenpurayil
(പാലാ ജോണി)

നിങ്ങളുടെ സ്വപ്നഭവനങ്ങൾക്കിണങ്ങും വിധമുള്ള
ഇന്റീരിയർ വുഡൻ വർക്കുകൾ
ഉത്തരവാദിത്വത്തോടെ ചെയ്തു തരുന്നു.

Call: 9446929044

Kuzhikandathil Building, Muthalakodam P.O., Thodupuzha - 685 605







St. George Forane Church
Muthalakodam 685 605
Ph : 04862 222786, 8281717867
www.muthalakodamstgeorgechurch.com

ജൂലൈ 2014 വാല്യം : 24 ലക്കം : 7

## ഇതളുകൾ മറിയുമ്പോൾ

1. വികാരിയച്ചന്റെ സന്ദേശം ....02
2. വി.തോമാശ്ലീഹാ....03
3. ഭാഷാപഠനം....06
4. ബീ പോസിറ്റീവ് ....09
5. വരും ദിനങ്ങളിൽ ....11
6. മാമ്മോദീസ : നിത്യജീവനിലേക്കുള്ള കവാടം ....12
7. ഇടവക വാർത്തകൾ....13
8. സംഘടനാ വാർത്തകൾ....15
9. ബൈബിൾ ക്വിസ് ....18
10. വാർഡ് പ്രാർത്ഥനകൾ ....20
11. കുടുംബവാർത്തകൾ ....22
12. വിവാഹ ഒരുക്ക സെമിനാർ....23
13. തിരുവചന വായനകൾ....24

**വെരി.റവ.ഫാ.ജോസഫ് അടപ്പൂര്**
(വികാരി)
**റവ.ഫാ.മാത്യു കൊച്ചുമുണ്ടൻമലയിൽ**
(അസി.വികാരി)
**റവ.ഫാ.ജോസഫ് മുണ്ടയ്ക്കൽ**
(അസി.വികാരി)

**ജോർജ് മൂഴിയിൽ**
**ഷെല്ലി ചെമ്പരത്തി**
**പോൾ ചീരാംകുന്നേൽ**
**മാത്യു തോട്ടുപുറം**
**(കൈക്കാരന്മാർ)**

**Editorial Board**

**Fr. JOSEPH ADAPOOR**
(Managing Editor)

**Fr.MATHEW KOCHUMUNDANMALAYIL**

**Fr.JOSEPH MUNDACKAL**
(Excecutive Editors)

**Jaison Kochuveedan**
**(Chief Editor)**
**Jenny K.Alex**
**Jimmy Chemparathy**
**Gracy Thomas Parayil**
**(Editors)**




പ്രിയരെ,

കേരളക്രൈസ്തവരുടെ വിശ്വാസജീവിതത്തിന്റെ തേര് തെളിച്ച രണ്ടു വിശുദ്ധരുടെ ഓർമ്മ ആചരിക്കുന്ന മാസമാണമല്ലോ ജൂലൈ മാസം. നമ്മുടെ പൂർവ്വികരെ വിശ്വാസത്തിലേക്ക് ആനയിച്ച് ഭാരതത്തിൽ യേശു സാന്നിദ്ധ്യാനുഭവത്തിന് ആരംഭം കുറിച്ച വ്യക്തിയാണ് വി. തോമ്മാശ്ലീഹാ. ജൂലൈ മൂന്നിന് വിശുദ്ധന്റെ ദുക്റാന ആചരിക്കുമ്പോൾ "നമുക്കും അവനോടുകൂടെ പോയി മരിക്കാം" എന്നുപറഞ്ഞ് തന്റെ ശിഷ്യത്വത്തിന്റെ നിസ്വാർത്ഥത പ്രഘോഷിച്ച വിശുദ്ധന്റെ ജീവിതം നമുക്ക് മാതൃകയും ചൈതന്യവും പകരുന്നതാണല്ലോ.

ഈശോയുടെ ഉത്ഥാനത്തെ സംശയിക്കുന്ന വി.തോമ്മാശ്ലീഹായെ കണ്ടപ്പോൾ ഈശോ നല്കിയത് സമാധാനത്തിന്റെ ആശംസയാണ്. കോപിക്കുന്നില്ല, ശാസിക്കുന്നില്ല. മറിച്ച് "നിങ്ങൾക്ക് സമാധാനം" എന്നു പറയുന്നു, "നിന്റെ കൈവിരൽ ഇവിടെ കൊണ്ടുവരിക, എന്റെ കൈകൾ കാണുക, നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക, അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക" എന്നു പറഞ്ഞ് തെളിവുനല്കി വി.തോമ്മാശ്ലീഹായുടെ സംശയം മാറ്റുന്നു. നമ്മുടെ മാനുഷികമായ പരിമിതികളാൽ ഭയന്നിരിക്കുന്ന സമയങ്ങളിൽ ഈശോയുടെ സമാധാനം നമുക്കും ലഭിക്കുവാൻ വി.തോമാശ്ലീഹായോട് നമുക്ക് പ്രാർത്ഥിക്കാം.

ജൂലൈ 28-ന് വി.അൽഫോൻസാമ്മയുടെ തിരുനാൾ നാം ആഘോഷിക്കുമ്പോൾ സഹനജീവിതത്തിന്റേയും ലാളിത്യത്തിന്റേയും ഉദാത്തമായ ഒരു മാതൃകയെ ലോകത്തിന്റെ മുമ്പിൽ നാം പ്രഘോഷിക്കുകയാണ്. നമ്മുടെ ജ്യേഷ്ഠസോദരിയായ അൽഫോൻസാമ്മയ്ക്കു ഇതുസാധിക്കുമെങ്കിൽ എന്തുകൊണ്ട് എനിക്ക് സാധിക്കില്ല എന്ന ചോദ്യം സ്വയം ചോദിക്കുവാൻ നമുക്കു സാധിക്കട്ടെ. വി.തോമ്മാശ്ലീഹായെ, വി.അൽഫോൻസാമ്മെ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ, ഞങ്ങളുടെ ഇടവകക്കുവേണ്ടി പ്രാർത്ഥിക്കണമെ.

സ്നേഹത്തോടെ,

വികാരിയച്ചൻ

**ഫാ. ജോസഫ് അടപ്പൂര്**



# വിശുദ്ധ തോമാശ്ലീഹാ

അന്നും പതിവുപോലെ കൊടുങ്ങല്ലൂരിനും, നോർത്ത് പറവൂരിനും ഇടയിലുള്ള മുസിരിസ് പട്ടണം വളരെ ബഹളമയമായിരുന്നു. കപ്പലിറങ്ങി വരുന്ന വിദേശികൾ കൊണ്ടുവരുന്ന ആകർഷണീയങ്ങളായ വിദേശവസ്തുക്കൾ വാങ്ങുവാനെത്തുന്നവർ പ്രധാന വ്യാപാരികളായ യഹൂദന്മാരെ ചുറ്റിവളഞ്ഞുനിന്നിരുന്നു.

"താങ്ങളുടെ കൈവശം വില്പനചരക്കൊന്നുമില്ലേ?" പതിവിന് വിപരീതമായി വലിയ ഭാണ്ഡക്കെട്ടുകളൊന്നുമില്ലാതെ കപ്പലിറങ്ങിയ വിദേശിയോട് നാട്ടുകാർ ചോദിച്ചു.

"കുറെയധികം വെള്ള വസ്ത്രങ്ങൾ മാത്രം!" അദ്ദേഹം പുഞ്ചിരിയോടെ മറുപടി നല്കി.

''എവിടെ? ഞങ്ങളൊന്ന് കാണട്ടെ!"

കച്ചവടക്കണ്ണുകളുമായി പലരും അടുത്തുകൂടി.

"ഈ കറുത്ത ജനങ്ങളെ ജ്ഞാനസ്നാനത്തിലൂടെ വെളുത്ത വസ്ത്രം ധരിപ്പിക്കുയെന്നതാണ് എന്റെ നിയോഗം!" അദ്ദേഹം പറഞ്ഞു.

സംഗതി അത്ര പന്തിയല്ലായെന്നു മനസ്സിലാക്കിയ പലരും സാവധാനം പിൻവലിഞ്ഞു തുടങ്ങി. ചരക്കുകളൊന്നും ഇല്ലായെന്നതു മാത്രമല്ല; സംസാരത്തിൽ ലേശം പിശകുമുണ്ട്. ചുറ്റും കൂടി നിന്നവർ ചിന്തിച്ചു തുടങ്ങി.

"എന്റെ കൈവശമുള്ള ചരക്കിന് വില നിർണ്ണയിക്കാനാവില്ല! ഈ നാടിന്റെ അന്ധകാരം അകറ്റുവാനുള്ള പ്രകാശമാണ് ഞാനിവിടെ വിതരണം ചെയ്യുവാൻ പോകുന്നത്!'' ആഗതൻ വീണ്ടും പറഞ്ഞു.

''എന്നിലൂടെ ഗുരുവിന്റെ സന്ദേശം ഇവിടെ പ്രസരിക്കപ്പെടട്ടെ!" ഇപ്രകാരം പറഞ്ഞുകൊണ്ട് തോമസ് എന്ന അപ്പസ്തോലൻ മുമ്പോട്ട് നീങ്ങി.

"സംശയാലുവായ തോമ" എന്നറിയപ്പെട്ടിരുന്ന തോമാശ്ലീഹാ യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളായിരുന്നു. എ.ഡി. 52-ൽ ക്രിസ്തുമതം പ്രചരിപ്പിക്കുകയെന്ന ലക്ഷ്യവുമായി അദ്ദേഹം ഭാരതത്തിലെത്തി.

"എന്റെ നാഥൻ ഉയിർത്തെഴുന്നേറ്റുവെന്നോ? ആ തിരുമുറിവുകളിൽ സ്പർശിക്കാതെ ഞാനത് വിശ്വസിക്കുകയില്ല!"

ഒരിക്കൽ ഇപ്രകാരം സംശ

യിച്ചു നിന്ന തോമാശ്ലീഹായുടെ മുമ്പിലേയ്ക്ക് യേശുനാഥൻ പ്രത്യക്ഷപ്പെടുകയായിരുന്നു. "എന്റെ കർത്താവേ, എന്റെ ദൈവമേ!" ഈ വാക്കുകൾ എക്കാലത്തെയും ഏറ്റവും ശക്തമായ പ്രാർത്ഥനയായി നിലകൊള്ളുന്നു. യേശുനാഥനെ സകലത്തിന്റെയും നാഥനായി അംഗീകരിക്കുന്ന ഈ വാക്കുകൾ വിശ്വാസത്തിന്റെ പരിപൂർണ്ണത വെളിപ്പെടുത്തുന്നു.

ഭാരതത്തിലെത്തിയ തോമാശ്ലീഹ നിരവധി ആളുകളെ ക്രിസ്ത്യാനികളാക്കി മാറ്റി.

"നമുക്കും അവനോടൊപ്പം പോയി മരിക്കാം!" വിശുദ്ധ തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ ആഴം ഈ വാക്കുകൾ പ്രതിഫലിപ്പിക്കുന്നു.

പ്രാചീന അറമായ ഭാഷയിൽ നിന്നുമായിരുന്നു 'തോമ' എന്ന നാമം രൂപം കൊണ്ടത്. ഈ വാക്കിന്റെ അർത്ഥം 'ഇരട്ട സഹോദരൻ' എന്നാണ്. ഗ്രീക്കു ഭാഷയിലെ 'ദീദിമോസ്' എന്ന പേരിന്റെ അർത്ഥവും ഇതുതന്നെയാണ്.

ഭാരതത്തിലെത്തിയ തോമാശ്ലീഹ വിവിധ സ്ഥലങ്ങളിൽ ദേവാലയങ്ങൾ സ്ഥാപിക്കുകയുണ്ടായി. അവ "ഏഴരപ്പള്ളികൾ" എന്ന പേരിൽ അറിയപ്പെടുന്നു. കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടക്കാവ്, കോക്കമംഗലം, നിരണം, നിലയ്ക്കൽ, കൊല്ലം എന്നിവിടങ്ങളിൽ വലിയ പള്ളികളും തിരുവാംകോട് ചെറിയൊരു പള്ളിയും സ്ഥാപിച്ചു.

മലബാറിന്റെ കടൽത്തീരങ്ങളിൽ വിശുദ്ധ തോമാശ്ലീഹ വിശ്വാസപ്രഘോഷണവുമായി ചുറ്റി സഞ്ചരിച്ചു. പെരിയാർ നദിയുടെ തീരങ്ങൾ ആ വിശുദ്ധന്റെ പാദസ്പർശനമേറ്റ് പുളകിതമായി. അദ്ദേഹത്തിന്റെ വാക്കുകളിൽ നിറഞ്ഞു നിന്ന വിശുദ്ധിയും വിശ്വാസതീക്ഷണതയും അനേകായിരങ്ങളെ ക്രൈസ്തവമതത്തിലേയ്ക്കാനയിച്ചു.

"എന്റെ നാഥന്റെ മതം സകലർക്കും വേണ്ടിയുള്ളതാണ്!" സകലജനത്തിനും ഒരു ക്രൈസ്തവമതമെന്ന സങ്കല്പം ഭാരതത്തിന് പുതുമയുള്ളതായിരുന്നു. ജാതികളും, ഉപജാതികളും, അനാചാരങ്ങളും നിറഞ്ഞുനിന്നിരുന്ന ഭാരതത്തിൽ അനേകായിരം വിശ്വാസപ്രമാണങ്ങളും ദേവീദേവന്മാരുമുണ്ടായിരുന്നു. അവർക്കിടയിലേയ്ക്കാണ് സർവ്വശക്തനായ ഏകദൈവത്തിന്റെ ദീപ്തി പ്രസരിപ്പിച്ചുകൊണ്ട് തോമാശ്ലീഹ കടന്നുവന്നത്. സവർണ്ണരും അവർണ്ണരും അങ്ങിനെ ക്രൈസ്തവമതമെന്ന ഒരൊറ്റ കുടയുടെ കീഴിൽ അണിചേർന്നു. വിശ്വമാനവികതയുടെ ഏറ്റവും വലിയ ഉദാഹരണമായിരുന്നു ഈ ഒത്തുചേരൽ എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.

"ഇനി നിങ്ങളിൽ ബ്രാഹ്മണൻ,

ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിങ്ങനെ വേർതിരിവില്ല! ക്രിസ്തുവിന്റെ അനുയായികളായ നിങ്ങൾ 'ക്രിസ്ത്യാനികൾ 'മാത്രം!'' ജ്ഞാനസ്നാനത്തിലൂടെ നിത്യജീവിതത്തിലേയ്ക്ക് പ്രവേശിച്ചവർ അങ്ങിനെ 'നസ്രാണി ക്രിസ്ത്യാനികൾ' എന്ന പേരിൽ അറിയപ്പെട്ടു.

"കല്ലുകൾ കൊണ്ടുള്ള കുരിശുകൾ! ഇവ ക്രിസ്തുമതത്തിന്റെ ശാശ്വതമായ അടയാളമായി നിലകൊള്ളും."

പള്ളിയോടനുബന്ധിച്ച് കൽക്കുരിശുകൾ സ്ഥാപിച്ചുകൊണ്ട് ക്രൈസ്തവമതത്തിന്റെ തീക്ഷ്ണതയും സാധാരണത്വവും തോമാശ്ലീഹ ചൂണ്ടിക്കാട്ടി.

അപ്പസ്തോലിക പാരമ്പര്യമനുസരിച്ച് പുരോഹിതന്മാരെയും വിശ്വാസപ്രഘോഷകരെയും വാഴിച്ച തോമാശ്ലീഹ മലബാർ സഭയുടെ വിശ്വാസസപര്യയ്ക്ക് തുടക്കമിട്ടു.

എ.ഡി. 72-ൽ ചെന്നൈയ്ക്ക് സമീപമുള്ള മൈലാപ്പൂരിൽ എത്തിയ വിശുദ്ധ തോമാശ്ലീഹ അവിടെയൊരു ആശ്രമം സ്ഥാപിച്ചു.

ഒരു ദിവസം തന്റെ ആശ്രമത്തിനു മുമ്പിലുള്ള വനത്തിൽ തോമാശ്ലീഹ പ്രാർത്ഥിക്കുകയായിരുന്നു. വളരെ പെട്ടെന്നാണ് പിന്നിൽ നിന്നും അദ്ദേഹത്തിന്റെ നെഞ്ചിലൂടെ ഒരു കുന്തം തറച്ചുകയറിയത്. മയിൽവേട്ടയ്ക്കായി അവിടെയെത്തിയിരുന്ന ഒരു നായാട്ടുകാരൻ എറിഞ്ഞ കുന്തം തോമാശ്ലീഹായുടെ നെഞ്ചിൽ തുളച്ചുകയറുകയായിരുന്നു.

മൈലാപ്പൂര് പള്ളിയിൽ ഇപ്പോഴും വിശുദ്ധ തോമാശ്ലീഹായുടെ തിരുശേഷിപ്പുകൾ സൂക്ഷിച്ചുവച്ചിട്ടുണ്ട്. വളരെ വിഖ്യാതമായ ഒരു തീർത്ഥാടനകേന്ദ്രമാണ് ഈ ദേവാലയം.

എല്ലാവർഷവും ജൂലായ് മാസം മൂന്നാം തീയതി തോമാശ്ലീഹായുടെ ശവകുടീരത്തിങ്കൽ അനേകായിരങ്ങൾ പ്രാർത്ഥനയ്ക്കായി എത്തിച്ചേരാറുണ്ട്.

'തോമസ്' എന്ന നാമം ക്രൈസ്തവർക്കിടയിൽ അനേകായിരങ്ങൾ സ്വീകരിക്കുന്നതിന്റെ പിന്നിലും വിശുദ്ധ തോമാശ്ലീഹായോടുള്ള ആദരവ് പ്രകടമാകുന്നു. കൊടിയ യാതനകൾ സഹിച്ചുകൊണ്ട് വിശുദ്ധൻ ഭാരതത്തിൽ എത്തിയിരുന്നില്ലെങ്കിലോ? വാസ്തവത്തിൽ ക്രൈസ്തവരായ നാം ഇന്നനുഭവിക്കുന്ന സൗഭാഗ്യത്തിന് അപ്പസ്തോലനായ തോമാശ്ലീഹായോട് വളരെയധികം കടപ്പെട്ടിരിക്കുന്നു.

യേശുനാഥന്റെ പദ്ധതികൾ പൂർത്തീകരിക്കുവാനായി ഭാരതമണ്ണിലെത്തിയ തോമാശ്ലീഹായോടൊപ്പം കുരിശിന്റെ വഴിയേ നീങ്ങുവാൻ ഓരോ ക്രൈസ്തവനും കടമയുണ്ടെന്ന സത്യം വിശുദ്ധ തോമാശ്ലീഹ നമ്മെ 'ദുക്റാന' തിരുനാൾ ദിനത്തിൽ ഓർമ്മപ്പെടുത്തുന്നു.



# ഭാഷാപഠനം

അധ്യാപകരും, പ്രിൻസിപ്പലും തല പുകഞ്ഞാലോചിച്ചു നോക്കി.

"എന്താണൊരു പോം വഴി!" ഓരോരുത്തരുടെയും മനസിൽ ഈ ചോദ്യമുയർന്നു. ഇപ്രകാരമൊരു സാഹസത്തിനു ഹേതുവായത് തലേദിവസം സംഭവിച്ച അധ്യാപക-രക്ഷകർതൃസംഗമം അഥവാ പി.റ്റി.എ മീറ്റിംഗ് ആണ്.

"നഗരത്തിലെ ഏറ്റവും മികച്ച സ്കൂളാണെന്ന് പറഞ്ഞിട്ടെന്തു കാര്യം?"

ഒരു രക്ഷകർത്താവ് അലറുകയായിരുന്നു.

"ഒരൊറ്റ കുട്ടിക്ക് ഇംഗ്ലീഷ് നന്നായി സംസാരിക്കാനറിയാമോ?"

ആ ചോദ്യം കുറിക്കുകൊണ്ടു. കുട്ടികളുടെ ഗതിതന്നെയാണ് അധ്യാപകർക്കും എന്ന് അവർക്കറിയാം. അല്പം കൂടി സാർവ്വത്രികതലത്തിലെത്തുമ്പോൾ പൊതുവെ എല്ലാ മലയാളികളുടെയും ഗതിയും ഇതു തന്നെയെന്ന് പ്രിൻസിപ്പൽ മനസ്സിലോർത്തു.

"ഈയവസ്ഥ മാറണം!" അദ്ധ്യാപകർ ഒന്നടങ്കം പറഞ്ഞു.

"ഞാനെന്തു ചെയ്യണം?" അതുവരെയും നിശബ്ദയായിരുന്ന മാനേജരുടെ ഊഴമായി.

"ഇംഗ്ലീഷ് അറിയാവുന്ന ആരെയെങ്കിലും പഠിപ്പിക്കുവാൻ നിയോഗിക്കണം!" സയൻസ് അധ്യാപിക ഇത്രയും പറഞ്ഞിട്ട് ഇംഗ്ലീഷ് അധ്യാപികയുടെ നേരേ ഒളികണ്ണിട്ടു നോക്കി.

ഇരുവരും ഒരു യുദ്ധത്തിനു തന്നെയുള്ള പുറപ്പാടാണെന്ന് മനസിലാക്കിയ മാനേജർ ഇടപെട്ടു.

"ഞാനൊരു ഇംഗ്ലീഷുകാരിയെ ആറു മാസത്തേയ്ക്ക് കൊണ്ടുവരാം. കുട്ടികൾ നന്നായി ഇംഗ്ലീഷ് പഠിക്കട്ടെ!".

തൃശ്ശൂർ പൂരത്തിന്റെ പ്രാരംഭ വെടിക്കെട്ടെന്നതുപോലെ കയ്യടി ശബ്ദം ഉയർന്നു. നീണ്ട കരഘോഷത്തിനൊടുവിൽ താൻ ചെയ്യുവാൻ പോകുന്ന സത്പ്രവത്തിയോർത്ത് മാനേജരുടെ കണ്ണു നിറഞ്ഞു.

ആഴ്ചകൾക്കുള്ളിൽ മദാമ്മ രംഗത്തെത്തി. മാതാപിതാക്കന്മാർ ആത്മ സംതൃപ്തിയോടെ തങ്ങളുടെ മക്കൾ ഒബാമ ശൈലിയിൽ സംസാരിക്കുന്നതായി സ്വപ്നം കണ്ടു.

"ടീച്ചർ, നിങ്ങൾ ഒരു ആറ് മാസം ഒന്നും പഠിപ്പിക്കേണ്ട! മാഢത്തിനെ ഹെൽപ്പ് ചെയ്തു നടന്നാൽ മതി!"

പ്രിൻസിപ്പലിന്റെ നിർദ്ദേശം ഒട്ടും രസിച്ചില്ലെങ്കിലും മനസ്സില്ലാമനസോടെ ഇംഗ്ലീഷ് അധ്യാപിക തലയാട്ടി.

മദാമ്മ ക്ലാസ്സിലെത്തി. കുട്ടികളെല്ലാ

വരും ഏതോ അത്ഭുതജീവിയെ കാണുന്നതുപോലെ വിടർന്ന മിഴികളുമായി വിദേശവനിതയെ നോക്കിയിരുന്നു. "ദ ടൂ ബോറിംഗ്! നോ ഇന്ററാക്ഷൻ!" തന്റെ ചോദ്യങ്ങൾക്കൊന്നും ആരും ഉത്തരം നല്കുന്നില്ലായെന്നതിൽ മദാമ്മയ്ക്ക് പരിഭവമായി. ആൺകുട്ടികളിൽ ചില വിരുതന്മാർ സാവധാനം തങ്ങളുടെ സ്വന്തം കലാപരിപാടികളിലേയ്ക്ക് തിരിഞ്ഞു. പെൺകുട്ടികളാവട്ടെ തങ്ങൾക്ക് എല്ലാം മനസിലാകുന്നുണ്ടെന്ന് മദാമ്മയെ ബോധ്യപ്പെടുത്തുവാൻ കിണഞ്ഞു പരിശ്രമിച്ചു.

"കേൻ ഐ സിംഗെ സോംഗ്?"

"സോംഗ്! സോംഗ്!" ആരോ വിളിച്ചുപറഞ്ഞു.

കുട്ടികൾ ഉന്മേഷത്തോടെ കയ്യടിച്ചു.

"സിംഗ്! സിംഗ്!"

ടീച്ചറും വിട്ടുകൊടുത്തില്ല. അങ്ങിനെ എല്ലാവരുടേയും പ്രോത്സാഹനം നേടിയ മദാമ്മ മനോഹരമായിത്തന്നെ ഒരു ഇംഗ്ലീഷ് കവിത നീട്ടിച്ചൊല്ലി. തുടർന്ന് ആകാംഷയോടെ മദാമ്മ കുട്ടികളുടെ പ്രതീകരണമറിയാൻ അവരെ നോക്കി.

"അടി പൊളി! അടി പൊളി!" മുൻനിരയിലിരുന്ന വിരുതൻ വിളിച്ചുപറഞ്ഞു.

"അറ്റിപ്പൊല്ലി! അറ്റിപ്പൊല്ലി!"

മദാമ്മ ആ വാക്കുകൾ ഏറ്റുപറഞ്ഞു. ഉടൻ തന്നെ അവർക്ക് ആ വാക്കുകളുടെ അർത്ഥമറിയണം. കുട്ടികൾ തനിക്ക് തന്നത് പരിഹാസമാണോ, പ്രശംസയാണോയെന്നറിയുവാൻ അവർക്ക് തിടുക്കമായി.

"വോട്ട് യൂ മീൻ ബൈ അറ്റിപ്പൊല്ലി?"

ടീച്ചറിനെ നോക്കി മദാമ്മ ചോദിച്ചു. ഇപ്രകാരമൊരു ചോദ്യം തീരെ പ്രതീക്ഷിക്കാതിരുന്ന ടീച്ചർ പക്ഷേ ഒട്ടും പരിഭ്രമിക്കാതെ കുട്ടികളുടെ 'അടിപൊളി' പരിഭാഷപ്പെടുത്തി.

"ബോട്ടം ടോൺ!"

ഇവിടെ മദാമ്മയ്ക്ക് പിന്നീടെന്തു സംഭവിച്ചുവെന്ന് ഇവിടെ പ്രസക്തമല്ല. ഭാഷയെന്നാൽ സയൻസും, മാത്തമാറ്റിക്സുമൊന്നുമല്ലായെന്നും, സന്ദർഭത്തിനും, സൗകര്യത്തിനുമനുസരിച്ച് വിദ്യാർത്ഥിക്കും അത് വിവിധ രൂപ പരിണാമങ്ങൾ സ്വീകരിക്കുമെന്നും നാം മനസിലാക്കുമ്പോൾ ഭാഷാപഠനം എളുപ്പമായി.

ഭാഷാപഠനത്തിൽ നിന്നും രക്ഷപ്പെടുവാൻ ഒരു വിദ്യാർത്ഥിക്കും കഴിയില്ലായെന്നതിനാൽ ഭാഷാപഠനം സുഗമമാക്കുവാനുള്ള ചില വഴികൾ ഇവിടെ പ്രതിപാദിക്കുന്നു.

1. ഭാഷകൾ ഉപയോഗിക്കുവാനുള്ളവയാണ്. സംസാരിക്കുവാനും, എഴുതുവാനും സാധ്യമാകാത്തിടത്തോളം നാം ഭാഷ പഠിച്ചിട്ടില്ല എന്ന് മനസിലാക്കാം.
2. ഒരേ പദം തന്നെ വ്യത്യസ്ത വൈകാരികതലങ്ങളിൽ വ്യത്യസ്ത അർത്ഥതലങ്ങൾ സ്വീകരിക്കുന്നു. പരീക്ഷയിൽ തോറ്റ വിദ്യാർത്ഥിയോട് അധ്യാപിക ചിലപ്പോൾ 'മിടുക്കൻ' എന്ന് പറഞ്ഞേക്കാം. പക്ഷേ, അർത്ഥം നേരേ വിപരീതമാണെന്നു മാത്രം.

3. വാക്കുകളുടെ അർത്ഥം സ്ഥലങ്ങൾക്കനുസരിച്ച് മാറിയേക്കാമെന്നതിനാൽ ഭാഷാപഠനത്തിൽ ഈ വ്യത്യാസങ്ങൾകൂടി മനസിലാക്കണം. തൃശൂരിൽ 'കിടാവ്' മനുഷ്യകുഞ്ഞാണെങ്കിൽ തൊടുപുഴയിലെത്തുമ്പോൾ 'കിടാവ്' പശുവിന്റെ കുട്ടിയായി മാറുന്നു.
4. 'ഭാഷാപഠനം' നാം ആസ്വദിക്കുന്തോറും നാമറിയാതെ തന്നെ ഭാഷ നമുക്ക് വഴങ്ങുന്നു. വായിക്കുമ്പോഴും, എഴുതുമ്പോഴും, സംസാരിക്കുമ്പോഴും ആസ്വദിച്ച് ചെയ്യുക. മനോഹരവും, കേൾവിക്കാർക്ക് ഇമ്പം നല്കുന്നതുമായ ഭാഷ നമ്മിൽ നിന്നും പുറത്തുവരും.
5. ഭാഷയെന്നാൽ ഭാഷയിൽ ഉപയോഗിക്കുന്ന നിരവധി വാക്കുകൾ കൂടിയാണ്. ദിവസവും ബൈബിൾ വായിക്കുന്നതുപോലെ തന്നെ ഡിക്ഷനറിയിൽ നിന്നും കുറച്ചുപദങ്ങളുടെ അർത്ഥങ്ങൾ കൂടി കണ്ടെത്തുക. ഇതൊരു ദിനചര്യയായി മാറിയാൽ നാം ഭാഷാവിഷയങ്ങളിൽ ചുരുങ്ങിയ നാളുകൾ കൊണ്ട് ശക്തരായി മാറും. ഡിക്ഷനറിയില്ലാത്ത വിദ്യാർത്ഥിയെ പടക്കളത്തിൽ ആയുധമില്ലാതെ നിലകൊള്ളുന്ന പടയാളിയോട് ഉപമിക്കാം.
6. ഭാഷയുടെ ഉപയോഗത്തിൽ പരമാവധി മാന്യത പുലർത്തുക. ആരെയും വേദനിപ്പിക്കാതെ വാക്കുകൾ മിതമായും, ശ്രദ്ധയോടെയും ഉപയോഗിക്കുന്നതാണ് യഥാർത്ഥ ഭാഷാസ്നേഹി.
7. ഭാഷ പഠിക്കുകയെന്നാൽ വ്യാകരണം അഥവാ 'ഗ്രാമർ' പഠിക്കുകയെന്നതുകൂടിയാണ്. മൂന്നോ നാലോ വാക്കുകൾകൊണ്ട് നൂറുകണക്കിന് വാചകങ്ങൾ ഉണ്ടാക്കുവാൻ നമുക്ക് സാധ്യമാകുന്നത് വ്യാകരണത്തിന്റെ മായാജാലം മൂലമാണ്. നന്നായി 'ഗ്രാമർ' മനസിലാക്കാതെ ഒരിക്കലും നമ്മുടെ ഭാഷാപഠനം പൂർത്തിയാവില്ല. 'നാളെ ഞാൻ വരും' എന്ന് പറയുന്നതിനുപകരം 'നാളെ ഞാൻ വന്നു' എന്ന് ഉപയോഗിച്ചാലോ? വ്യാകരണത്തിൽ സംഭവിക്കുന്ന പിഴവ് എത്ര ഗുരുതരമാണെന്ന് ഈ ഉദാഹരണത്തിൽ നിന്നും നമുക്ക് മനസിലാക്കാം.
8. വ്യാകരണത്തിലും, സ്പെല്ലിംഗിലും അത്യധികം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. 'ചാണകം' എന്ന പദത്തിനുപകരം 'ചാകണം' എന്നുപയോഗിച്ചാലോ? എല്ലാ അക്ഷരങ്ങളുമുണ്ടെങ്കിലും നാമെഴുതിയത് പമ്പര വിഡ്ഢിത്തമായി മാറുന്നു. അതായത് ഭാഷയിൽ സംഭവിക്കുന്ന നേരിയ പിഴവുപോലും ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം.

ഇനി ലാംഗ്വേജ് പീരിയഡുകൾ ആരംഭിക്കുമ്പോൾ ഓർമ്മിച്ചുകൊള്ളൂ! ഒരുവന്റെ ഭാഷ മെച്ചപ്പെട്ടാൽ മറ്റെല്ലാവിഷയങ്ങളും മെച്ചപ്പെടും! ഭാഷകൾ തന്നെയാണല്ലോ വിജ്ഞാനസമ്പാദനത്തിനുള്ള വഴിത്താരകൾ!

# ബീ പോസിറ്റീവ്

**സമാധാനം നിറഞ്ഞ മനസ്സിൽ ശക്തി ഉണ്ടാകുന്നു**

പ്രഭാതഭക്ഷണത്തിനിടയിൽ മൂന്നു സുഹൃത്തുക്കൾ ഒരു ചർച്ചയിലേർപ്പെട്ടു. കഴിഞ്ഞ രാത്രി എങ്ങനെ ഉറങ്ങി എന്നതായിരുന്നു വിഷയം. കാരണം തലേദിവസം അവർക്ക് ഗൗരവമായ ഒരു പ്രശ്നത്തെ നേരിടേണ്ടി വന്നിരുന്നു. ഒരാൾ പറഞ്ഞു, "ഉറക്കമൊഴിഞ്ഞ ഒരു രാത്രിയായിരുന്നു ഇന്നലെ. തിരിഞ്ഞും മറിഞ്ഞും കിടന്നതല്ലാതെ ഉറക്കം മാത്രം കിട്ടിയില്ല. ഒടുവിൽ കരുതി ഇതുവരെയുള്ള വാർത്ത കൂടി ടിവിയിൽ കണ്ടിട്ട് ഉറങ്ങാമെന്ന്. വാർത്ത ശ്രദ്ധിച്ചതോടെ ഉള്ള ഉറക്കവും പോയി".

രണ്ടാമൻ പറഞ്ഞു "എന്നെ സംബന്ധിച്ചിടുത്തോളം ഇന്നലെ ഒരു സുന്ദര രാത്രിയായിരുന്നു. ഞാൻ നന്നായി ഉറങ്ങി. ഇന്നലെ ടിവിയിൽ കണ്ട വാർത്ത അത്ര സന്തോഷപ്രദമായിരുന്നില്ല. പക്ഷേ, നന്നായി ഉറങ്ങുന്നതിനുള്ള മാർഗം അവലംബിച്ചാണ് ഞാൻ ഉറങ്ങിയത്."

മൂന്നാമന് ജിജ്ഞാസയായി. "നന്നായി ഉറങ്ങുന്നതിനുള്ള മാർഗമോ, അതെന്താണ്?"

രണ്ടാമൻ തുടർന്നു, "ഞാനൊരു കുട്ടിയായിരിക്കെ അപ്പൻ രാത്രിയിൽ ഉറങ്ങുന്നതിനുമുമ്പ് ഞങ്ങളെ ഒരുമിച്ചുകൂട്ടി ബൈബിൾ വായിക്കുമായിരുന്നു. ഇപ്പോഴും അപ്പൻ ബൈബിൾ വായിക്കുന്നത് എന്റെ ചെവിയിൽ മുഴങ്ങുന്നതു കേൾക്കാം. ഞാൻ ആ ശീലം ഉപേക്ഷിച്ചിട്ടില്ല."

തുടർന്ന് അദ്ദേഹം ഒന്നാമനോടു പറഞ്ഞു "ഞാൻ ഒരു കെട്ടു പ്രശ്നങ്ങളുമായല്ല ഉറങ്ങാൻ കിടന്നത്. ഉറങ്ങാൻ കിടന്നപ്പോൾ എന്റെ മനസ്സിൽ നിറയെ സമാധാനമായിരുന്നു."

ഇതാ രണ്ടു വ്യത്യസ്ത മുഖങ്ങൾ - ഒന്ന്, ഒരു കെട്ട് പ്രശ്നം, മറ്റൊന്ന്, മനസ്സിൽ നിറയെ സമാധാനം, കൊള്ളാം, ഇതിലേതു മുഖമാണ് നിങ്ങൾക്കുള്ളത്?

സമാധാനം നിറഞ്ഞ മനസ്സുണ്ടാകുന്നതിനുള്ള ഒരു മാർഗം മനസ്സിൽ കൂടിക്കിടക്കുന്ന ചിന്താഭാരമെല്ലാം ഒഴുക്കികളയുക എന്നതാണ്. ജലമൊഴുക്കികളഞ്ഞ് ഒരു പാത്രം ശൂന്യമാക്കുന്നതുപോലെ മനസിലുള്ള ഭയവും വിദ്വേഷവും കുറ്റബോധവും അപകർഷതയുമെല്ലാം ഓരോന്നായി മനസ്സിൽ നിന്നും ഒഴിവാക്കുക. ഇവ ഒഴിവാക്കുന്നതി

നായി സങ്കല്പിക്കുന്നതുപോലും മനസ്സിന് വലിയ സമാശ്വാസം നല്കും.

നിങ്ങളിൽ പ്രശ്നമുള്ളവർ ഒരു കാര്യം ചെയ്യുക. മെല്ലെ ഒഴുകിക്കൊണ്ടിരിക്കുന്ന ഒരു കപ്പലിന്റെ മുകൾതട്ടിൽ നിങ്ങൾ നില്ക്കുന്നതായി കരുതുക. നിങ്ങളെ അലട്ടിക്കൊണ്ടിരിക്കുന്ന ഓരോ പ്രശ്നത്തെയുമെടുത്ത് കടലിലേയ്ക്കെറിയുന്നതായി വിഭാവന ചെയ്യുക. കപ്പൽ നീങ്ങിക്കൊണ്ടിരിക്കുന്നതനുസരിച്ച് നിങ്ങളുടെ പ്രശ്നങ്ങളും വെള്ളത്തിൽ മറയുന്നതായി കാണുക. എല്ലാ പ്രതിസന്ധികളിലും ഇങ്ങനെ പ്രശ്നക്കെട്ടുകളെ കടലിലേയ്ക്കെറിയുന്നവരുടെ പ്രശ്നങ്ങൾ കാലമാകുന്ന സമുദ്രത്തിൽ അപ്രത്യക്ഷമായിക്കൊള്ളും.

പ്രശ്നങ്ങളൊഴിഞ്ഞ മനസ്സിന് ശൂന്യാവസ്ഥ തുടരാനാവില്ല. ഒഴിവാക്കിയ അശുഭചിന്തകൾക്കു പകരം ക്രിയാത്മകമായ, ഉണർവുള്ള ചിന്തകൾ കൊണ്ടു മനസു നിറയട്ടെ.

**മനസ്സിൽ ശുഭാത്മകചിന്തകൾ നിറയാൻ ചില മാർഗ്ഗങ്ങൾ**

☞ ഒരു നിശ്ചിത സമയം ഓരോ ദിവസവും മൗനമായിരിക്കുക. 24 മണിക്കൂറുള്ള ദിവസത്തിന്റെ കാൽ മണിക്കൂർ നിശബ്ദരായിരിക്കാൻ ശ്രമിച്ചു നോക്കൂ. മനസ് ന്യൂട്രലാക്കുക. ഒന്നും ചിന്തിക്കാതിരിക്കുക. നിങ്ങൾ ദൈവസാന്നിദ്ധ്യത്തോട് ഏറ്റവും അടുത്തായിരിക്കുന്ന സന്ദർഭമാണിത്. നിങ്ങളുടെ നൈസർഗ്ഗിക വാസനകളും കഴിവുകളും വികസിതമാകാനും ഈ നിശബ്ദത ഉപകരിക്കും.

☞ സമാധാനത്തിന്റെ പ്രതീകങ്ങളായ നിരവധി മനോദൃശ്യങ്ങൾ മനസിലേക്ക് ഒഴുകിവരട്ടെ. ഉദാഹരണമായി, മനോഹരമായ ഒരു സന്ധ്യാവേള, ഒരു അരുവി വനത്തിലൂടെ ഒഴുകുന്നത്, മഞ്ഞിൽ കുളിച്ച നിലാവുള്ള ഒരു രാത്രി അല്ലെങ്കിൽ ബാല്യത്തിൽ നിങ്ങളെ ഏറെ സന്തോഷിപ്പിച്ച അവസരം, അവ ഏതുമാകട്ടെ ഇത്തരം ദൃശ്യങ്ങൾക്ക് നിങ്ങളുടെ മനസിനെ സുഖപ്പെടുത്താനുള്ള ഒരു കഴിവുണ്ട്.

☞ വാക്കുകൾക്ക് ശക്തിയുണ്ട്. ഭയം ജനിപ്പിക്കുന്ന നിരാശയും മന്ദതയുമുളവാക്കുന്ന വാക്കുകൾ ശ്രവിച്ച് ഇരുന്നാൽ ഭയവും നിരാശയും ഉണ്ടാകും. മറിച്ച് ശാന്തത ധ്വനിപ്പിക്കുന്ന പ്രസന്നമായ വാക്കുകൾ നമ്മിൽ ക്രിയാത്മകശക്തി നിറച്ച് നമ്മെ സ്വസ്ഥരാക്കിത്തീർക്കും. അതുകൊണ്ട് ഇടയ്ക്കിടെ അങ്ങനെയുള്ള വാക്കുകൾ മനസിൽ ഉരുവിടുക.

ഉദാ: ഞാൻ സന്തോഷിക്കുന്നു.
എനിക്കു സമാധാനമുണ്ട്.

**എപ്പോഴും പോസിറ്റീവായ കാര്യങ്ങൾ സംസാരിക്കുക**

- ☞ സർവ്വോപരി ബൈബിളിലെ വാക്യങ്ങൾക്ക് പരിവർത്തനാത്മകമായ ശക്തിയുണ്ട്. നിങ്ങൾക്ക് പ്രചോദനമേകുന്ന ബൈബിൾ വാക്യങ്ങൾ തെരഞ്ഞെടുത്ത് കുറിച്ചുവയ്ക്കുക. അവ മനസ്സിൽ ലയിച്ചുചേരട്ടെ. നിങ്ങളുടെ മാനസികാവസ്ഥയെ സമസ്തമായി സുഖപ്പെടുത്താനുള്ള അത്ഭുതശക്തി വചനത്തിനുണ്ട്.
- ☞ ഉറങ്ങുന്നതിനു തൊട്ടുമുമ്പ് ബൈബിൾ വായിക്കുന്നത് നമുക്കൊരു ശീലമാക്കാം.

**Be Positive**

## വരും ദിനങ്ങളിൽ

**ജൂലൈ**

03 ദുക്റാനത്തിരുനാൾ, ഭക്തസംഘടനാ വാർഷികം

04 ആദ്യവെള്ളി

11 വി.ബനഡിക്ട്

12 രണ്ടാം ശനി, വചനപ്രഘോഷണം

15 വി.കുര്യാക്കോസും, വി.ജൂലിറ്റായും

16 കർമ്മലമാതാവ്

25 വി.യാക്കോബ് ശ്ലീഹാ

26 വി.ജോവാക്കിം, വി.അന്ന

27 പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ

28 വി.അൽഫോൻസാമ്മാ

29 വി.മർത്താ

31 വി.ഇഗ്നേഷ്യസ് ലയോള

# മാമ്മോദീസ : നിത്യജീവനിലേയ്ക്കുള്ള കവാടം

ബ്രദർ : ഫെബിൻ കുന്നത്ത്

"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ജലത്താലും, ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല" (യോഹ:3:5).

ഈശോയുടെ മാതൃകയാലും ആഹ്വാനത്താലും സഭാത്മകജീവിതത്തിലേയ്ക്കും നിത്യജീവനിലേയ്ക്കും ഉള്ള ചവിട്ടുപടി എന്ന നിലയ്ക്ക് വളരെ പ്രാധാന്യമുള്ള കൂദാശയാണ് മാമ്മോദീസ. മാമ്മോദീസാ വഴി ദൈവമക്കളായി തീരുവാനുള്ള വലിയ സൗഭാഗ്യമാണ് ഈശോമിശിഹാ വഴി പിതാവായ ദൈവം നമുക്കായി നല്കുന്നത്. ഈ ദൈവീകജീവനിലുള്ള ഭാഗഭാഗിത്വം വഴി സഭാകൂട്ടായ്മയിലേക്കു ഒരുവൻ പ്രവേശിക്കുന്നു. മറ്റു കൂദാശകൾ സ്വീകരിക്കാൻ നമ്മെ യോഗ്യരാക്കുന്നതും മിശിഹായുടെ ശരീരത്തിലെ അംഗങ്ങളാകാൻ നമ്മെ സഹായിക്കുന്നതും മാമ്മോദീസയാണ്. അതിനാൽ, "ക്രൈസ്തവ ജീവിതത്തിന്റെ വാതിൽ" എന്ന് ഇത് അറിയപ്പെടുന്നു.

മാമ്മോദീസ എന്ന വാക്കിന്റെ അർത്ഥം മുങ്ങുക, സ്നാനപ്പെടുക എന്നൊക്കെയാണ്.

## മാമ്മോദീസായിലൂടെ നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ

### ഉത്ഭവ പാപത്തിൽ നിന്നുള്ള മോചനം

ആദിമാതാപിതാക്കളുടെ പാപം മൂലം മനുഷ്യവംശത്തിൽ ഉണ്ടായ പാപാവസ്ഥയിലുള്ള പങ്കാളിത്തമാണ് ഉത്ഭവ പാപം. യേശുക്രിസ്തുവിൽ വിശ്വസിച്ച് നാം മാമ്മോദീസ സ്വീകരിക്കുമ്പോൾ ഈ പാപാവസ്ഥയിൽ നിന്ന് നാം മോചിതരാകുന്നു. ഇവിടെ നാം ദൈവത്തിന്റെ സ്വന്തമായി മാറുകയാണ്. അവിടുത്തോടുള്ള ഒരു പൂർണ്ണമായ സമർപ്പണവും ഇതുവഴി നടക്കുന്നു.

### പുതുസൃഷ്ടിയായി മാറുന്നു

വി.പൗലോസ് ശ്ലീഹ പറയുന്നു, "പുതുസൃഷ്ടിയാവുക എന്നതാണ് പ്രധാനം". മാമ്മോദീസായിലും ഒരു നവജനനമാണ് സംഭവിക്കുന്നത്. പാപത്തിനോടും പാപസാഹചര്യങ്ങളോടും വിട പറഞ്ഞ് ജലത്താലും ആത്മാവിനാലും ജ്ഞാനസ്നാനത്താൽ നാം വീണ്ടും വിശുദ്ധരായി ജനിക്കുന്നു.

**മിശിഹായുടെ മൗതികശരീരമായ സഭയിലെ അംഗത്വം**

മാമ്മോദീസായോടുകൂടിയാണ് ഒരു വ്യക്തി തിരുസഭയിൽ അംഗമാകുന്നത്. മാമ്മോദീസായിലൂടെ ഈശോയുമായി പുതിയ ഉടമ്പടിയിൽ നാം എല്ലാ മാനുഷിക വേർതിരിവുകൾക്കുമപ്പുറം ദൈവാത്മാവിനാൽ ഒരുമിച്ച് കൂട്ടപ്പെട്ടവരുടെ സമൂഹമായിത്തീരുകയും ചെയ്യുന്നു. അതോടൊപ്പം ക്രിസ്തുവിന്റെ രാജകീയ പൗരോഹിത്യത്തിൽ അംഗത്വവും തിരഞ്ഞെടുത്ത വംശത്തിൽ ചേർക്കപ്പെടുകയും ചെയ്യുന്നു. ആത്മാവിനാൽ മായാത്ത മുദ്ര നമുക്ക് ലഭിക്കുന്നു.

**കർമ്മങ്ങൾ**

മാമ്മോദീസായിലെ കർമ്മങ്ങൾ വളരെ അർത്ഥവത്തും, വലിയ അനുഗ്രഹങ്ങൾ ഉൾക്കൊള്ളുന്നതുമാണ് സഭയിൽ അംഗമാകാൻ ഒരുങ്ങുന്ന അർത്ഥിയെ ദേവാലയങ്കണത്തിൽ നിന്നു സ്വീകരിച്ച് ഉള്ളിലേയ്ക്ക് നയിക്കുന്നു. ഇവിടെ നടത്തുന്ന ഒന്നാമത്തെ തൈലം പൂശൽ -വിശുദ്ധീകരണവും, രണ്ടാമത്തെ തൈലം പൂശൽ ആത്മാവിലുള്ള ജനനവും പ്രതിനിധാനം ചെയ്യുന്നു. തലയിൽ മാമ്മോദീസ ജലം ഒഴിക്കുന്നത് പാപത്തിനു മരിച്ച് നാം ഈശോയിൽ ജനിക്കുന്നതിനെ സൂചിപ്പിക്കുന്നു. അവസാനത്തെ തൈലം പൂശൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അഭിഷേകം പ്രാപിക്കുന്നതിനെ ചൂണ്ടിക്കാണിക്കുന്നു. വെള്ളവസ്ത്രം ധരിപ്പിക്കുന്നത് കൃപാവരത്തിന്റെ നവജീവിതം നയിക്കുന്നവനും കത്തിച്ച തിരി നൽകുന്നതുവഴി ലോകത്തിന്റെ പ്രകാശമായി മാറാൻ മിശിഹാ ക്ഷണിക്കുന്നു എന്നതും വെളിപ്പെടുത്തുന്നു.




**1. ജൂലൈ 3 ദുക്റാനതിരുനാൾ**

ഭാരതത്തിന്റെ അപ്പസ്തോലനും ധീര രക്തസാക്ഷിയുമായ വി.തോമാശ്ലീഹായുടെ ഓർമ്മതിരുനാൾ ജൂലൈ 3-ാം തീയതി വ്യാഴാഴ്ച നാം ആചരിക്കുകയാണ്. വി. തോമ്മാശ്ലീഹായുടെ മാതൃക സ്വീകരിച്ചുകൊണ്ട് വിശ്വാസത്തിൽ അടിയുറച്ച് ജീവിക്കുവാൻ നമുക്ക് പ്രയത്നിക്കാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങളായി ജീവിക്കുകയും വിശ്വാസത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്യാം.

**2. വി.ബനഡിക്ട് - ജൂലൈ 11**

സന്യാസ സഭാസ്ഥാപകനും, പാശ്ചാത്യസന്യാസജീവിതത്തിന്റെ പിതാവുമായ വി.ബെനഡിക്ടിന്റെ തിരുനാളാണ് ജൂലൈ 11. ആ വിശുദ്ധന്റെ മാതൃകയനുസരിച്ച് നമുക്ക് വിശുദ്ധിയിൽ വർത്തിക്കാം.

**3. കർമ്മലമാതാവിന്റെ തിരുനാൾ**

ജൂലൈ 16-ാം തീയതിയാണ് കർമ്മല മാതാവിന്റെ തിരുനാൾ. കർമ്മല മാതാവിനോടുള്ള ഭക്തി സുറിയാനി ക്രിസ്ത്യാനികളുടെ പ്രത്യേകതയാണ്. കർമ്മലമാതാവിനോടുള്ള വണക്കത്തിന്റെ ഭാഗമാണ് നാം ധരിക്കുന്ന ഉത്തരീയം അഥവാ വെന്തിങ്ങ. 1251 ജൂലൈ 16-ന് വി.സൈമൺ സ്റ്റോക്കിന് മാതാവ് പ്രത്യക്ഷപ്പെട്ട് കർമ്മലോത്തരീയം നല്കിയെന്നും ഇത് ധരിക്കുന്നവർക്ക് മാതാവിന്റെ പ്രത്യേക സംരക്ഷണവും നിത്യനരകാഗ്നിയിൽ നിന്നുള്ള രക്ഷയും വാഗ്ദാനം ചെയ്തുവെന്നും വിശ്വസിക്കപ്പെടുന്നു. ഈ തിരുനാൾ ദിവസം മാതാവിന്റെ സംരക്ഷണത്തിന് നമ്മെ പൂർണ്ണമായും സമർപ്പിച്ച് ദൈവമക്കളായി വളരുവാൻ ശ്രദ്ധിക്കാം.

**4. വി.അൽഫോൻസാമ്മയുടെ തിരുനാൾ**

കേരളീയ ജീവിതത്തിൽ നിന്ന് അൾത്താരയിൽ പ്രതിഷ്ഠ നേടിയ വി.അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 28-ാം തീയതി തിങ്കളാഴ്ച ആഘോഷിക്കപ്പെടുകയാണ്. സഹനത്തിന്റെ കനലെരിഞ്ഞ പാതകളിലൂടെ സന്തോഷത്തോടെയും സ്നേഹത്തോടെയും കൂടി വസിച്ച് വിശുദ്ധീകരിച്ച നമ്മുടെ സോദരിയുടെ മാതൃക നമുക്ക് അനുകരിക്കാം. ജീവിതത്തിലെ സഹനനിമിഷങ്ങളെ സ്നേഹത്തോടെ സ്വീകരിച്ചുകൊണ്ട് നമുക്ക് ജീവിതയാത്രയിൽ സന്തോഷത്തോടെ മുന്നേറാം. വി.അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥത്താൽ നമ്മുടെ ജീവിതം അനുഗ്രഹപ്രദമാക്കുവാൻ നമുക്ക് പരിശ്രമിക്കാം.

**ലോഗോസ് ക്വിസ്**

ഈ വർഷത്തെ ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ജൂലൈ 31-ന് അവസാനിക്കുന്നു. ഓരോ വാർഡിൽ നിന്നും വിവിധ പ്രായക്കാരായ ആളുകളെ പങ്കെടുപ്പിക്കുന്നതിനോടൊപ്പം 5-ാം ക്ലാസ്സുമുതൽ +2 വരെയുള്ള എല്ലാ കുട്ടികളും നിർബന്ധമായും പങ്കെടുത്തിരിക്കണം.

**പഠനഭാഗം**

ലേവ്യർ 15-47

ലൂക്കാ 13-24

വി.യോഹന്നാന്റെ 2, 3 ലേഖനങ്ങൾ.

**കെ.സി.എസ്.എൽ.രൂപതാ ചെയർപേഴ്സൺ**

നമ്മുടെ ഇടവകാംഗമായ ടോമിൻ പി.ജോൺ പാറത്തലയ്ക്കൽ 2014-2015 ലെ കെ.സി.എസ്.എൽ.രൂപതാ ചെയർപേഴ്സൺ ആയി തിരഞ്ഞെടുക്കപ്പെട്ടു.



# സംഘടനാ വാർത്തകൾ

## സൺഡേസ്കൂൾ

**ജൂലൈ 03 : സമ്മാനദാനം**

ജൂലൈ 3-ാം തീയതി വ്യാഴാഴ്ച 10 മണിയുടെ വി.കുർബാനയ്ക്കുശേഷം ഭക്തസംഘടനകളുടെ വാർഷികവും സമ്മാനദാനവും ഉണ്ടായിരിക്കുന്നതാണ്. വിവിധ മത്സരങ്ങളിൽ സമ്മാനാർഹരായവരെല്ലാം അന്നേദിവസം വാർഷികത്തിൽ എത്തുവാൻ ശ്രദ്ധിക്കുമല്ലോ.

## വിശ്വാസപരിശീലനം

**പ്രൈവറ്റ് രജിസ്ട്രേഷൻ**

പതിനൊന്ന്, പന്ത്രണ്ട് ക്ലാസ്സുകളിൽ എൻട്രൻസ് കോച്ചിംഗിന് പോകുന്ന കുട്ടികൾക്ക് റഗുലർ സൺഡേസ്കൂളിൽ പങ്കെടുക്കുവാൻ ബുദ്ധിമുട്ടുള്ളതിനാൽ പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്. ഈ ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്ന കുട്ടികൾ ഓരോ സെമസ്റ്ററിലും പരീക്ഷ എഴുതുകയും വേണം. പാഠപുസ്തകത്തിന്റെ വില, പരീക്ഷാഫീസ്, കോൺടാക്ട് ക്ലാസ്സിന്റെ ഫീസ് എന്നിവ ഉൾപ്പെടെ രജിസ്ട്രേഷൻ ഫീസ് 250/- രൂപയായിരിക്കും. 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 10-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും 12-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുന്നവർ 11-ാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും അപേക്ഷാഫോറത്തോടൊപ്പം നൽകേണ്ടതാണ്. ഇവ നൽകാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ഞായറാഴ്ച ട്യൂഷനു പോകുന്നവർക്കും മറ്റു പാഠ്യേതര പ്രവർത്തനങ്ങൾക്ക് പോകുന്നവർക്കും പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തുവാൻ അനുവാദമില്ല. പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരല്ലാതെ ആരെങ്കിലും വേദപാഠക്ലാസ്സിൽ പതിവായി വരാതിരുന്നാൽ അവരെ ഒരു കാരണവശാലും പരീക്ഷ എഴുതിക്കുന്നതല്ല. 11-ാം ക്ലാസ്സിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവരും 12-ൽ പ്രൈവറ്റ് പരീക്ഷയെഴുതുവാൻ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കോൺടാക്റ്റ് ക്ലാസ്സ് - 1-ാം സെമസ്റ്റർ 2014 സെപ്റ്റംബർ 13 ശനി**

സ്ഥലം : നെസ്റ്റ്, മൂവാറ്റുപുഴ

സമയം : രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെ

കോൺടാക്റ്റ് ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്കുമാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളു. ഉച്ചഭക്ഷണം കുട്ടികൾ കൊണ്ടുവരേണ്ട താണ്.

**നവോദയ സ്കൂൾ :** നവോദയ സ്കൂളിലെ കുട്ടികൾക്ക് 6 മുതൽ 9 വരെ ക്ലാസ്സുകളിൽ ബഹു. വികാരിയച്ചന്മാരുടെ അനുമതിയോടെ പരീക്ഷയെഴുതാവുന്നതാണ്. രണ്ടു സെമസ്റ്ററിലും പരീക്ഷ എഴുതേണ്ടതാണ്. അതുപോലെ തന്നെ അവധിക്കാലത്ത് ഏതെങ്കിലും ഒരു ധ്യാനത്തിൽ പങ്കെടുക്കണം.

X, XI, XII ക്ലാസ്സുകളിലെ കുട്ടികൾ അവധിക്കാലത്ത് നിർബന്ധമായും ഒരു ധ്യാനത്തിൽ സംബന്ധിച്ചിരിക്കണം. ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കിനു പകരമായി ഇത് പരിഗണിക്കുന്നതാണ്.

## അൽത്താരബാലസംഘം

അൽത്താരബാലന്മാരുടെ ജൂലൈ മാസത്തെ പ്രതിമാസസമ്മേളനം ജൂലൈ 20-ാം തീയതി വേദപാഠത്തിനുശേഷം ഉണ്ടായിരിക്കുന്നതാണ്. അൾത്താരബാലസംഘത്തിലേക്ക് പുതിയതായി ചേരാൻ താല്പര്യമുള്ളവർ ഇതിൽ സംബന്ധിക്കേണ്ടതാണ്.

## യുവദീപ്തി

**യുവജന പ്രാർത്ഥനാകൂട്ടായ്മ**

ഇടവകയിലെ എല്ലാ യുവജനങ്ങളെയും സമർപ്പിച്ച് പ്രാർത്ഥിക്കുന്നതിനായി എല്ലാ ശനിയാഴ്ചയും ഉച്ചകഴിഞ്ഞ് 3.00 മണിക്ക് യുവദീപ്തി അംഗങ്ങൾ ഒന്നുചേർന്ന് പ്രാർത്ഥന നടത്തുന്നു. യുവജനങ്ങളെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ബൈബിൾ വിതരണം**

ബൈബിൾ വാരാഘോഷത്തിന്റെ ഭാഗമായി ഇടവകയിലെ ബൈബിൾ ഇല്ലാത്ത ഭവനങ്ങളിൽ ബൈബിൾ നല്കുന്നതിനായി യുവദീപ്തി അംഗങ്ങൾ ബൈബിൾ വാങ്ങി നല്കി. ബൈബിൾ ഞായർ ദിനത്തിൽ യുവദീപ്തി അംഗങ്ങൾ ബൈബിൾ കാഴ്ച സമർപ്പണമായി നടത്തി.

**കുട വിതരണം**

കെ.സി.വൈ.എം. മുതലക്കോടം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകാംഗങ്ങൾക്ക് 150 രൂപ നിരക്കിൽ കുട വിതരണം ചെയ്തു.

**പ്രതിവാര സമ്മേളനം**

യുവദീപ്തിയുടെ പ്രതിവാരസമ്മേളനം എല്ലാ ഞായറാഴ്ചയും 7.15 ന്റെ വി.കുർബാനയ്ക്കുശേഷം കോൺഫറൻസ് ഹാളിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൊച്ചച്ചന്മാരുടെ സാന്നിദ്ധ്യത്തിൽ

നടത്തിവരുന്നു.

**തിരുസന്നിധിയിൽ**

യുവദീപ്തി അംഗങ്ങൾ ആത്മീയതയിൽ ദൃഢത പ്രാപിക്കുന്നതിനായി എല്ലാ രണ്ടാം ശനിയാഴ്ചകളിലും തിരുസന്നിധിയിൽ ഒരുമിച്ചുകൂടുന്നു. ജൂലൈ മാസം 12-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ആരാധനയും കുമ്പസാരവും ഉണ്ടായിരിക്കുന്നതാണ്.

**വി.തോമസ് മൂർ ദിനാചരണം**

കെ.സി.വൈ.എം. മദ്ധ്യസ്ഥനായ വി.തോമസ് മൂറിന്റെ തിരുനാൾ ജൂൺ 22ന് ആചരിച്ചു. അന്നേദിവസം യുവജനങ്ങൾ 7.15-ന്റെ വി. കുർബാനയിൽ പങ്കെടുക്കുകയും പുതിയതായി കടന്നുവന്ന അംഗങ്ങളെ സ്വീകരിക്കുകയും ചെയ്തു.

## മാതൃദീപ്തി

ജൂലൈ 13-ാം തീയതി ഞായറാഴ്ച 2.00 മണിക്ക് മാതൃദീപ്തിയുടെ മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്. അന്നേ ദിവസം യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതാണ്. എല്ലാ മാതൃദീപ്തി അംഗങ്ങളും ഇതിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

നമ്മുടെ ഇടവകാംഗമായ സാലി ജോർജ്ജ് വടക്കുംപറമ്പിൽ മാതൃദീപ്തി ഫൊറോന വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ഇടവകയൂണിറ്റിന്റെ പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു.

## കൈത്താക്കാലം

നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാരെ അനുസ്മരിച്ചുകൊണ്ടാണ് ഈ കാലം ആരംഭിക്കുന്നത്. സാധാരണയായി ഏഴ് ആഴ്ചകൾ നീണ്ടുനില്ക്കുന്ന ഈ കാലത്തെ “കൈത്താക്കാലം” എന്നുവിളിക്കുന്നു. ‘കൈത്ത’ എന്ന പദത്തിന്റെ അർത്ഥം വേനൽ എന്നാണ്. വേനൽക്കാലത്താണല്ലോ വിളവെടുപ്പും ഫലശേഖരണവും നടത്തുക. ശ്ലീഹാകാലത്തെ പ്രേക്ഷിതപ്രവർത്തനത്തിന്റെ ഫലമായി ലോകത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടപ്പെട്ട സഭാതരു വളർന്നു പന്തലിച്ചു ഫലം പുറപ്പെടുവിക്കുന്നതിനെയാണ് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുക. അതുകൊണ്ട് “സഭയുടെ വളർച്ചയുടെ” കാലമായി ഇത് പരിഗണിക്കപ്പെടുന്നു.

നമ്മുടെ വളർച്ചയെ നിയന്ത്രിക്കുന്ന മാനദണ്ഡം ഈ ലോകത്തിൽ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന വ്യക്തികളുടെ ജീവിതമാണ്. അതുകൊണ്ട് സഭയുടെ വിശ്വസ്ത സന്താനങ്ങളായ ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മ ഈ കാലത്തിന്റെ പ്രത്യേകതയാണ്. അവരുടെ ജീവിതചര്യ അനുകരിക്കാൻ എല്ലാ വിശ്വാസി

കൾക്കും കടമയുണ്ടെന്ന വസ്തുതയും ഈ കാലം നമ്മെ അനുസ്മരിപ്പിക്കുന്നു. നിയമാനുഷ്ഠാനത്തിലൂടെ മനസ്സിന്റെയും ഹൃദയത്തിന്റെയും നവീകരണംവഴി ഒരു സമൂലപരിവർത്തനം അനിവാര്യമായിരിക്കുന്നു എന്ന് ഈ കാലം ഓർമ്മിപ്പിക്കുന്നു.

കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്ന ഏലിയ-സ്ലീവാ-മൂശാക്കാലത്തിന്റെ മുന്നോടിയായിട്ടും ഇതിനെ കാണാവുന്നതാണ്. അതുകൊണ്ട് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ആവശ്യകതയിലേക്കും ഈ കാലം വിരൽ ചൂണ്ടുന്നു. കർത്താവിന്റെ വരവിനുവേണ്ടി നാം ഒരുങ്ങിയിരിക്കണം. പാപത്തോടു വിടപറഞ്ഞ്, ജീവിതവിശുദ്ധീകരണത്തിലൂടെ നമുക്കു വ്യാപരിക്കാം.



# ബൈബിൾ ക്വിസ്

## ലേവ്യർ (15–27)

1. അഹറോനും അവന്റെ പുത്രന്മാരും തിരുസാന്നിദ്ധ്യ അപ്പം വിശുദ്ധസ്ഥലത്തുവച്ച് ഭക്ഷിക്കണം എന്നു പറയാൻ കാരണമെന്ത്?
2. ഇസ്രായേൽക്കാർ എന്ന് ഉപവസിക്കണം എന്നാണ് ദൈവം അവരോട് കൽപിച്ചത്?
3. ഇസ്രായേൽ ജനം കാനാൻ ദേശത്തുവച്ച് ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുമ്പോൾ എത്ര വർഷത്തേയ്ക്കാണ് അവയുടെ ഫലങ്ങൾ വിലക്കപ്പെട്ടതായി കണക്കാക്കേണ്ടത്?
4. സീനായ് മലമുകളിൽ വച്ച് കർത്താവ് ഇസ്രായേൽ ജനവുമായി മോശവഴി ഉറപ്പിച്ചത് എന്തൊക്കെയാണ്?
5. ഏതൊക്കെ കാര്യങ്ങളിൽ അനീതി പ്രവർത്തിക്കരുതെന്നാണ് കർത്താവ് പറയുന്നത്?
6. ഇസ്രായേൽ ജനം എങ്ങനെ മരിക്കാതിരിക്കേണ്ടതിനാണ് നീ അവരെ അശുദ്ധിയിൽ നിന്ന് അകറ്റണം എന്ന് കർത്താവ് മോശയോട് അരുളിച്ചെയ്യുന്നത്?
7. അഹറോന്റെ സന്താനപരമ്പരയിൽ ദൈവത്തിന് കാഴ്ചയർപ്പിക്കാൻ അയോഗ്യരായവർ ആരെല്ലാം?
8. പിതാവിനെയോ മാതാവി

നെയോ ശപിക്കുന്നവനുള്ള ശിക്ഷ എന്ത്?

9. ആദ്യഫലങ്ങളുടെ തിരുനാളിന് ദൈവത്തിന് സമർപ്പിക്കുന്ന ദിവസം വരെ എന്തൊക്കെ ഭക്ഷിക്കാമെന്നാണ് കർത്താവ് കൽപിച്ചത്?

10. എല്ലാ ജീവികളുടേയും ജീവൻ എന്തിലടങ്ങിയിരിക്കുന്നുവെന്നാണ് ലേവ്യർ ഗ്രന്ഥം പറയുന്നത്?

11. "ഞാനാണ് നിങ്ങളെ വിശുദ്ധീകരിക്കുന്ന കർത്താവ്" അതിനാൽ എന്തുചെയ്യണമെന്നാണ് കർത്താവ് ഇസ്രായേൽ ജനത്തോട് പറയുന്നത്?

12. അനീതിയായി വിധിക്കരുതെന്നു കൽപിക്കുന്ന കർത്താവ് എപ്രകാരം അയൽക്കാരനെ നീതിപൂർവ്വം വിധിക്കണം എന്നാണ് കല്പിക്കുന്നത്?

13. ആദ്യഫലങ്ങളുടെ തിരുനാളിന് ധാന്യബലിയായും പാനീയ ബലിയായും അർപ്പിക്കേണ്ടത് എന്ത്?

14. ജൂബിലി വർഷത്തിൽ എന്താണ് എല്ലാവർക്കും തിരികെ ലഭിക്കേണ്ടത്?

15. "ഞാൻ നിങ്ങളുടെ ദൈവമായ കർത്താവാണ്" എന്ന് അവരെ അറിയിക്കാനാണ് കർത്താവ് മോശയോട് അരുളിച്ചെയ്തത്?

16. ഇസ്രായേൽ ജനത്തെ മറ്റു ജനങ്ങളിൽ നിന്ന് വേർതിരിച്ചെടുത്തത് എന്തിനുവേണ്ടിയാണ്?

17. ഇസ്രായേൽക്കാർ ഏതു ദിവസമാണ് പാപപരിഹാര ദിനമായി ആചരിക്കേണ്ടത്?

18. നിങ്ങൾ എന്റെ വിശുദ്ധനാമത്തെ അശുദ്ധമാക്കരുത് എന്ന് കർത്താവ് പറയാൻ കാരണമെന്ത്?

19. വിളക്കുകൾ നിരന്തരം കത്തിക്കൊണ്ടിരിക്കുന്നതിന് ഏത് തരം എണ്ണയാണ് ഒഴിക്കേണ്ടത്?

20. ഒരാൾ തനിക്ക് അവകാശമായി ലഭിച്ച വസ്തുവിൽ ഒരു ഭാഗം കർത്താവിനു സമർപ്പിക്കുകയാണെങ്കിൽ അതിന്റെ മൂല്യനിർണ്ണയം എങ്ങനെയാണ് നടത്തേണ്ടത്?

**ബൈബിൾ ക്വിസ് ഉത്തരങ്ങൾ ജൂലൈ 4-ാം തീയതി വെള്ളിയാഴ്ച ഓഫീസിൽ ഏല്പിക്കണം.**

# 2014 ജൂലൈ മാസത്തിലെ വാർഡു പ്രാർത്ഥന കൂട്ടായ്മ

| നം. | തീയതി & ദിവസം | വാർഡ് | ഭവനം | സമയം pm |
|---|---|---|---|---|
| 01 | 02.07.14 1-ാംബുധൻ | **സെന്റ്അസ്സീസി** (പഴുക്കാകുളം കിഴക്ക് ബി) | പുതുവ ബാബു ജോസ് | 5.30 |
| 02 | 02.07.14 1-ാംബുധൻ | **സെന്റ്പീറ്റർ** (ശാസ്താംപാറ എ) | പുതുശ്ശേരിൽ റോസമ്മ | 5.30 |
| 03 | 03.07.14 1-ാം വ്യാഴം | **സെന്റ് തോമസ്** (കാരിക്കോട് എ) | അത്തിക്കൽ ജോസഫ് | 5.30 |
| 04 | 05.07.14 1-ാം ശനി | **സെന്റ് മേരീസ്** (മുതലക്കോടം എ 1) | കൊങ്ങമല മറിയം മാണി | 5.30 |
| 05 | 05.07.14 1-ാംശനി | **സെന്റ് ജൂഡ്** (തൊണ്ടിക്കുഴ എ) | നെടുമല മറിയം മാണി | 5.30 |
| 06 | 07.07.14 1-ാം തിങ്കൾ | **സെന്റ് ജോർജ്ജ്** (പെരുമ്പിള്ളിച്ചിറ ) | ഞാളൂർ മത്തായി എൻ.യു | 5.30 |
| 07 | 07.07.14 1-ാംതിങ്കൾ | **സെന്റ് മരിയ വിയാനി** (തൊണ്ടിക്കുഴ ബി) | പാലക്കാട്ട് അബ്രാഹം സെലസ്റ്റിൻ | 5.30 |
| 08 | 08.07.14 2-ാം ചൊവ്വ | **സെന്റ് ആൻസ്** (കുന്നംപടിഞ്ഞാറ്) | മോളേക്കുന്നൽ സജി | 5.30 |
| 09 | 08.07.14 2-ാം ചൊവ്വ | **സെന്റ് ജോസഫ്** (മുതലക്കോടം ബി) | ചൊള്ളാമഠത്തിൽ കുര്യാക്കോസ് | 5.30 |
| 10 | 09.07.14 2-ാം ബുധൻ | **സെന്റ് മർക്കോസ്** (മുതലക്കോടം എ 2) | പുന്നയ്ക്കപടവിൽ ജോൺ | 5.30 |
| 11 | 09.07.14 2-ാംബുധൻ | **സെന്റ് ജോൺസ്** (പഴുക്കാകുളം കിഴക്ക് എ) | പാറത്തലയ്ക്കൽ ജോർജ്ജ് ജോസഫ് | 5.30 |
| 12 | 10.07.14 2-ാം വ്യാഴം | **സെന്റ് ലൂക്ക്** (ഉരുളക്കോട് ) | പുതിയിടത്തുകുന്നേൽ ജോർജ് (ചെമ്പരത്തി) | 5.30 |
| 13 | 10.07.14 2-ാം വ്യാഴം | **സെന്റ് പോൾ** (ഏഴുമുട്ടം ബി) | തുറയ്ക്കൽ ബെന്നി | 5.30 |
| 14 | 12.07.14 3-ാംശനി | **സെന്റ് മാർട്ടിൻ** (പെട്ടേനാട് എ ) | മാളിയേക്കൽ ടോമി ജെയിംസ് | 5.30 |
| 15 | 12.07.14 2-ാം ശനി | **സെന്റ് അഗസ്റ്റിൻ** (മഠത്തിക്കണ്ടം) | മഠത്തിക്കണ്ടത്തിൽ ജെസ്സി ജോണി | 5.30 |
| 16 | 14.07.14 3-ാം തിങ്കൾ | **സെന്റ് ഫ്രാൻസീസ്** (ഏഴുമുട്ടം സി) | കുരുട്ടുപറമ്പിൽ ജോസഫ് | 5.30 |
| 17 | 14.07.14 3-ാംതിങ്കൾ | **സെന്റ് ഡീ പോൾ** (പഴുക്കാകുളം പടിഞ്ഞാറ് എ | കടമനത്ത് ബാബു | 5.30 |

| | | | | |
|---|---|---|---|---|
| 18 | 15.07.14<br>3-ാംചൊവ്വ | **സെന്റ് മാത്യു**<br>(മുതലക്കോടം ഡി) ) | മുണ്ടയ്ക്കൽ മൈക്കിൾ | 5.30 |
| 19 | 15.07.14<br>3-ാംചൊവ്വ | **സെന്റ് സ്റ്റീഫൻ**<br>(കുന്നംകിഴക്ക്) | മലേപ്പറമ്പിൽ വർഗീസ് മത്തായി | 5.30 |
| 20 | 16.07.14<br>3-ാംബുധൻ | സെന്റ് **ഡോൺബോസ്കോ**<br>(ഞറുകുറ്റി എ) | പീടികപറമ്പിൽ ജെയിംസ് അഗസ്റ്റിൻ | 5.30 |
| 21 | 16.07.14<br>3-ാംബുധൻ | **സെന്റ് സെബാസ്റ്റ്യൻ**<br>(ഏഴുമുട്ടം എ) | വല്ലൂർ സജി | 5.30 |
| 22 | 17.07.14<br>3-ാംവ്യാഴം | **സെന്റ് ആന്റണി**<br>(മുതലക്കോടം സി 1) | ഇല്ലിമൂട്ടിൽ മാത്യു | 5.30 |
| 23 | 17.07.14<br>3-ാംവ്യാഴം | **സെന്റ് ഡൊമിനിക് സാവിയോ**<br>(പഴുക്കാകുളം പടിഞ്ഞാറ് ബി) | കളപ്പുരയിൽ ബെന്നി | 5.30 |
| 24 | 19.07.14<br>3-ാംശനി | **സെന്റ് മരിയ ഗൊരേത്തി**<br>(ഞറളക്കാട് ബി) | ചെമ്പരത്തിക്കൽ സക്കറിയാസ് | 5.30 |
| 25 | 19.07.14<br>3-ാംശനി | **സെന്റ് ബനഡിക്ട്**<br>(വടക്കുംമുറി) | കാപ്പിൽ അജിത്ത് | 5.30 |
| 26 | 21.07.14<br>3-ാംതിങ്കൾ | **സെന്റ് റീത്ത**<br>(തൊണ്ടിക്കുഴ സി) | വലിയപുത്തൻപുരയിൽ വർഗീസ് | 5.30 |
| 27 | 21.07.14<br>3-ാംതിങ്കൾ | **സെന്റ് റോസ്**<br>(ഞറളക്കാട് എ) | മച്ചുകുഴിയിൽ പോൾ വർഗീസ് | 5.30 |
| 28 | 22.07.14<br>3-ാംചൊവ്വ | **സെന്റ് ലിറ്റിൽ ഫ്ളവർ**<br>(കാരൂപ്പാറ) | ചക്കുങ്കൽ മത്തായി ജോസഫ് | 5.30 |
| 29 | 22.07.14<br>4-ാംചൊവ്വ | **സെന്റ് ഇഗ്നേഷ്യസ്**<br>(മുതലക്കോടം സി 2) | ചീരാംകുന്നേൽ പോൾ സി. | 5.30 |
| 30 | 23.07.14<br>4-ാംബുധൻ | **ഏലിയാസ് കുര്യാക്കോസ്**<br>(കനാൽ വാർഡ്) | **ചെമ്പരത്തി കളപ്പുരയിൽ ജോമോൻ തോമസ്** | **5.30** |
| 31 | 23.07.14<br>4-ാംബുധൻ | **സെന്റ് ഫ്രാൻസ്സിസ്സ് സാലസ്സ്**<br>(തൊണ്ടിക്കുഴ ഡി) | തുടിയൻപ്ലാക്കൽ റോയി | 5.30 |
| 32 | 24.07.14<br>4-ാംവ്യാഴം | **സെന്റ് എഫ്രേം**<br>(പെട്ടേനാട് ബി) | **വേങ്ങത്താനത്ത് ജോസ്** | 5.30 |
| 33 | 24.07.14<br>4-ാംവ്യാഴം | **സെന്റ് ആഗ്നസ്**<br>(കുന്നം കിഴക്ക് ബി) | കല്ലറയ്ക്കൽ ജോസ് ചെറിയാൻ | 5.30 |
| 34 | 26.07.14<br>4-ാംശനി | **സെന്റ് മാക്സ്മില്യൻ കോൾബെ**<br>(മാവിൻചുവട്) | വാണിയകിഴക്കേൽ സാജു | 5.30 |
| 35 | 26.07.14<br>4-ാംശനി | **സെന്റ് മാർട്ടിൻ ഡിപോറസ്**<br>(മങ്ങാട്ടുകവല) | പുത്തൻകുളത്തിൽ പി.എൽ ജോസ് | 5.30 |
| 36 | 29.07.14<br>4-ാംചൊവ്വ | **സെന്റ് അൽഫോൻസ**<br>(ശാസ്താംപാറ ബി) | നടുപ്പറമ്പിൽ ജോസഫ് വർക്കി | 5.30 |
| 37 | 29.07.14<br>4-ാംചൊവ്വ | **സെന്റ് എവുപ്രാസിയ**<br>(പെട്ടേനാട് സി) | | 5.30 |

# കുടുംബ വാർത്തകൾ

## നവമുകുളങ്ങൾ

| | |
|---|---|
| 1. വീട്ടുപേര് : പാലോട്ടുകുന്നേൽ<br>മാമ്മോദീസാ പേര് : ജോസഫ്<br>വിളിപ്പേര് : ജോസെഫാനിയ<br>പിതാവ് : സിനോ<br>മാതാവ് : ജിൽസ<br>ജനനം : 10.01.2014<br>മാമ്മോദീസ : 22.05.2014 | 2. വീട്ടുപേര് : പുത്തൻപുരയിൽ<br>മാമ്മോദീസാ പേര് : ജോസഫ്<br>വിളിപ്പേര് :<br>പിതാവ് : കോൾബേ<br>മാതാവ് : ആൻമേരി<br>ജനനം : 01.12.2013<br>മാമ്മോദീസ : 22.05.2014 |
| 3. വീട്ടുപേര് : മാളിയേക്കൽ<br>മാമ്മോദീസാ പേര് : ജോർജ്ജ്<br>വിളിപ്പേര് : ആരോൺ<br>പിതാവ് : ജോബി<br>മാതാവ് : വിജി<br>ജനനം : 16.01.2014<br>മാമ്മോദീസ : 22.05.2014 | 4. വീട്ടുപേര് : അടപ്പൂര്<br>മാമ്മോദീസാ പേര് : മേരി<br>വിളിപ്പേര് :<br>പിതാവ് : ജിജോ<br>മാതാവ് : ജോസീന<br>ജനനം : 28.03.2014<br>മാമ്മോദീസ : 02.06.2014 |
| 5. വീട്ടുപേര് : പുതുശ്ശേരിൽ<br>മാമ്മോദീസാ പേര് : ജോസഫ്<br>വിളിപ്പേര് : ജൂ ആൻ<br>പിതാവ് : ജോർഡി<br>മാതാവ് : എലിസബത്ത്<br>ജനനം : 02.04.2014<br>മാമ്മോദീസ : 07.06.2014 | 6. വീട്ടുപേര് : കാലാപ്പിള്ളിൽ<br>മാമ്മോദീസാ പേര് : സെബാസ്റ്റ്യൻ<br>വിളിപ്പേര് : ജസ്‌വിൻ<br>പിതാവ് : തോമസ്<br>മാതാവ് : സെലിൻ<br>ജനനം : 22.04.2014<br>മാമ്മോദീസ : 24.05.2014 |
| 7. വീട്ടുപേര് : തൃക്കണ്ണശ്ശേരിൽ<br>മാമ്മോദീസാ പേര് : ജോർജ്ജ്<br>വിളിപ്പേര് : ജോർജ്ജ്<br>പിതാവ് : ജോബി<br>മാതാവ് : സിമി<br>ജനനം : 06.03.2014<br>മാമ്മോദീസ : 17.06.2014 | 8. വീട്ടുപേര് : ചവിട്ടാനിയിൽ<br>മാമ്മോദീസാ പേര് : ഏലി മരിയ<br>വിളിപ്പേര് : എസ്തേർ<br>പിതാവ് : ഷാജി<br>മാതാവ് : സെലിൻ<br>ജനനം : 13.01.2014<br>മാമ്മോദീസ : 19.06.2014 |
| 9. വീട്ടുപേര് : ചെമ്പരത്തി<br>മാമ്മോദീസാ പേര് : ഫിലോമിന<br>വിളിപ്പേര് :<br>പിതാവ് : ജോർജ്ജ് (ജോർഡി)<br>മാതാവ് : ജിസ്<br>ജനനം : 26.03.2014<br>മാമ്മോദീസ : 21.06.2014 | |

# നവ ദമ്പതികൾ

| നം. | പേര് | വീട്ടുപേര് | ഇടവക | വിവാഹം |
|---|---|---|---|---|
| 1 | ജോ ജോർജ്<br>ദീപാ | വാലാത്തറ<br>കുറുന്തോട്ടിക്കൽ | ബേസ്താൻ<br>മുതലക്കോടം | 26.05.2014 |
| 2 | സിജോ ചാക്കോ<br>ലിജി | അടപ്പൂര്<br>തുടിയൻപ്ലാക്കൽ | മുതലക്കോടം<br>കലയന്താനി | 02.06.2014 |
| 3 | ജോബിൻ മാത്യു<br>ജൂബി | തുറയ്ക്കൽപുത്തൻപുരയിൽ<br>അറുകാലിൽ | മുതലക്കോടം<br>പാറപ്പുഴ | 11.06.2014 |
| 4 | ജോസ് മാത്യു<br>ജോളി ജോസഫ് | ചീമ്പാറയിൽ<br>പരുന്തംപ്ലാക്കൽ | മുതലക്കോടം<br>മുതലക്കോടം | 18.06.2014 |
| 5 | അലൻ ഫ്രാൻസീസ് ജോർജ്<br>മിനു | ചെള്ളുപറമ്പിൽ (ചെമ്പരത്തി)<br>തുണ്ടത്തിൽ | മുതലക്കോടം<br>കരിമണ്ണൂർ | 21.06.2014 |
| 6 | ഹാൻസൺ കെ. മാത്യു<br>ആൻ നിവ്യാ | കിഴക്കേൽ<br>കാഞ്ഞിരത്തുംകുന്നേൽ | മുതലക്കോടം<br>കയ്യൂർ | 22.06.2014 |

# നിത്യതയിൽ മറഞ്ഞവർ

| നം. | വീട്ടുപേര് | പേര് | വയസ്സ് | തീയതി | വാർഡ് |
|---|---|---|---|---|---|
| 1 | നെടുമല | ജോർജ്ജ് എൻ.എം. | 48 | 27.05.14 | തൊണ്ടിക്കുഴ എ |

## വിവാഹ ഒരുക്ക സെമിനാർ

**നെസ്റ്റ്, മൂവാറ്റുപുഴ**

**ജൂലൈ : 9–11, 23–25**

**സമയം : 10 am – 4.00 pm**

**ഫോൺ : 0485–2830033 (10.00 am – 5.00 pm)**

**മൊബൈൽ : 9142588488**

## ജൂലൈ – 2014
ശ്ലീഹാ – കൈത്താകാലങ്ങൾ

## തിരുവചന വായനകൾ

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | 1 ഫിലി 1:12–18 ലൂക്കാ 10:38–42 | 2 1 കോറി 15:31–34 മത്താ 14:22–23 | 3 എഫേ 2:19–22 യോഹ 20:24–29 | 4 ഗലാ 2:15–18 മർക്കോ 5:21–24 | 5 2 കോറി 2:12–17 മർക്കോ 1:40–45 |
| 6 ഏശ 1:21–31 1 കോറി 14:1–12 ലൂക്കാ 12:22–34 | 7 2 കോറി 1:8–11 യോഹ 16:25–33 | 8 കൊളോ 2:20–23 മത്താ 12:1–12 | 9 റോമ 5:12–21 മർക്കോ 12:1–12 | 10 2 പത്രോ 1:3–9 യോഹ 6:60–63 | 11 1 പത്രോ 3:14–18 മത്താ 5:1–12 | 12 റോമാ 7:7–13 മർക്കോ 12:38–44 |
| 13 നിയമ 4:1–8 1 കോറി 10:23–31 ലൂക്കാ 12:57–13:5 | 14 റോമാ 11:30–35 മത്താ 12:33–37 | 15 2 കോറി 5:1–7 മർക്കോ 4:21–25 | 16 2 കോറി 1:12–15 ലൂക്കാ 15:8–10 | 17 റോമാ 11:1–10 മർക്കോ 10:46–52 | 18 റോമാ 13:1–6 മത്താ 22:15–22 | 19 2 കോറി 11:1–6 യോഹ 7:14–24 |
| 20 നിയമ 4:10–14 1 കോറി 16:1–14 ലൂക്കാ 13:22–30 | 21 2 കോറി 2:5–11 മത്താ 12:38–42 | 22 റോമാ 13:7–10 മർക്കോ 1:29–34 | 23 1 കോറി 7:17–24 ലൂക്കാ 16:9–17 | 24 2 കോറി 4:1–6 മത്താ 23:13–22 | 25 1 കോറി 4:6–15 മത്താ 10:37–42 | 26 ഹെബ്രാ 11:8–12 മത്താ 1:1–16 |
| 27 1 കോറി 1:9–16 ലൂക്കാ 14:7–14 | 28 ഗലാ 28:8–12 യോഹ 12:20–26 | 29 1 കോറി 14:20–25 യോഹ 11:17–26 | 30 1 തിമോ 6:11–16 യോഹ 10:22–28 | 31 1 കോറി 14:13–19 യോഹ 8:48–59 | | |

# Wedding Greetings

*Married on: 23.06.2014*



**Sijo Mundackal Muthalakodom**

**Litjy Rose Puthenveetilpanjikaran**

# സ്നേഹസ്മരണയ്ക്ക്

## 1-ാം ചരമവാർഷികം



## ലില്ലി ജോർജ്ജ്

## പള്ളിക്കാപറമ്പിൽ

ജനനം : 22.07.1935

മരണം : 28.07.2013

പ്രാർത്ഥനയോടെ... കുടുംബാംഗങ്ങൾ